15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388 | 14-07-2022 - ൽ മറുപടിയ്ക്ക്

## തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷിയുടെ വിസ്തൃതി കഴിഞ്ഞ കുറച്ച് വർഷങ്ങളായി കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നാളികേരകൃഷിയുടെ വിസ്തൃതി കുറയുന്നതിന് പല കാരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ജനസാന്ദ്രത കൂടുന്നതിനാൽ നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനും മറ്റു കാർഷികേതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതുമൂലം തെങ്ങുകൃഷിയുടെ വിസ്തൃതി കുറയുന്നതിനു കാരണമായിട്ടുണ്ട്. കൂടാതെ തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും കീടബാധകളും പ്രായാധിക്യം വന്ന തെങ്ങുകൾ മുറിച്ച് മാറ്റുന്നതുമൂലം നാളികേരകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്. മാത്രവുമല്ല തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ്, നാളികേരത്തിന്റെ വിലയിടിവ് എന്നിവ കാരണം പുതിയവ വെച്ചുപിടിപ്പിക്കുവാൻ കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണ് നിലവിലുള്ള തെങ്ങ് കൃഷിയെന്നും 2011-12 ൽ ഇത് എത്ര ശതമാനമായിരുന്നു എന്നും വ്യക്തമാക്കുമോ; | (ബി) | 2019-20 വർഷത്തെ സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പ് പ്രസിദ്ധീകരിച്ച രേഖകൾ പ്രകാരം കേരള സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതി 25,86,452 ഹെക്ടറും തെങ്ങുകൃഷിയുടെ വിസ്തൃതി 7,60,766 ഹെക്ടറും ആണ്. നിലവിൽ തെങ്ങുകൃഷി മൊത്തം കൃഷി വിസ്തൃതിയുടെ 29.41 % ആണ്.<br><br>2011-12 -ൽ ഇത് 30.83% ആയിരുന്നു. |
| (സി) | സംസ്ഥാനത്തെ പ്രധാന വിളകളിൽ ഒന്നായ തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയിലും വലിയ കുറവ് ഉണ്ടാകുന്ന സാഹചര്യത്തിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക സബ്സിഡി നൽകുന്നത് ഉൾപ്പെടെ എന്തൊക്കെ നടപടികൾ | (സി) | 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതി പ്രകാരം 7390.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരഗ്രാമത്തിനും നാളികേര വികസന കൗൺസിൽ വിതരണം ചെയ്യുന്ന തെങ്ങിൻ തൈകൾക്കും സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകുന്നു. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | | **<u>ഘടകങ്ങൾ</u>**<br><br>1. കേരഗ്രാമം ഒന്നാം വർഷ പ്രവർത്തികൾ - 2567.00 ലക്ഷം രൂപ. (100 കേരഗ്രാമങ്ങൾ)<br><br>2. സംസ്ഥാനതല കേരരക്ഷാവാരം നടപ്പിലാക്കൽ – 433.00 ലക്ഷം രൂപ<br><br>3. ആറളം ഫാമിൽ തെങ്ങിൻ തൈകളുടെ ഉല്പാദനം - 54.6809 ലക്ഷം രൂപ<br><br>4. നാളികേര വികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻ തൈ വിതരണം - 820.3191 ലക്ഷം രൂപ (50% സബ്സിഡി)<br><br>5. കേരഗ്രാമം രണ്ടാം വർഷം - 1680.00 ലക്ഷം രൂപ (84 കേരഗ്രാമങ്ങൾ)<br><br>6. കേരഗ്രാമം മൂന്നാം വർഷം - 90.00 ലക്ഷം രൂപ (15 കേരഗ്രാമങ്ങൾ)<br><br>7. കൃഷി വകുപ്പിന്റെ ഫാമുകളിൽ വിത്തുതേങ്ങ സംഭരണവും തെങ്ങിൻ തൈകളുടെ ഉല്പാദനവും - 1730.00 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ